വന്ധ്യതാ ക്ലിനിക്കുകൾ

53 (745) ശ്രീ. എ. റ്റി ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാക്ലിനിക്കുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു ; പ്രസ്തുത ക്ലിനിക്കുകൾ എന്ന് മുതൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമുള്ള വന്ധ്യതാക്ലിനിക്കുകളിലെ ചികിത്സാചെലവുകളിലെ അന്തരം പരിശോധിച്ചിട്ടുണ്ടോ ;

(സി) സാധാരണക്കാർക്ക് പ്രയോജനപ്രദമായ വന്ധ്യതാക്ലിനിക്കുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം തൈക്കാട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക് ഉണ്ട്. ഇത് 2005 ജൂലൈ 1 മുതൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ വന്ധ്യതാക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. 2014 മെയ്മാസം മുതലാണ് പ്രസ്തുത ക്ലിനിക് പ്രവർത്തിച്ചുവരുന്നത്. ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജിൽമാത്രമാണ് വന്ധ്യതാചികിത്സ ഉള്ളത്. അത് ആരംഭിച്ചിട്ട് 25 വർഷത്തിന് മുകളിലായി. ഇടുക്കി ജില്ലയിലെ ജില്ലാ താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി ഒ.പി.യുടെ ഭാഗമായി വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 2009 ഫെബ്രുവരി മുതൽ വന്ധ്യതാചികിത്സാക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ക്ലിനിക് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എസ്.എ.ടി. ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വന്ധ്യതാക്ലിനിക് 1985 മുതൽ പ്രവർത്തിച്ചുവരുന്നു. എ.ആർ.ടി. സെന്റർ ജൂലൈ 2012 മുതൽ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും ചികിത്സാ നിരക്കുകൾ ചുവടെ ചേർക്കുന്നു :

ഇനം	നിരക്ക്	
	സർക്കാർ മേഖല	സ്വകാര്യ മേഖല
ഫോളിക്കുലാർ സ്റ്റഡി	100 രൂപ	600 രൂപ മുതൽ 1,000 രൂപ വരെ
ബീജ പഠനം	50 രൂപ	100 രൂപ മുതൽ 300 രൂപ വരെ
ഇൻട്രായൂട്ടാറൈൻ ഇൻസെമിനേഷൻ	100-500 രൂപ	2,500 രൂപ മുതൽ 5,000 രൂപ വരെ
ഡോണർ സ്പേം	500 രൂപ	2,500 രൂപ
സ്പേം ബാങ്ക്	500 രൂപ	10,000 രൂപ
ലാപ്രോസ്കോപ്പി	250 രൂപ	25,000 രൂപ
രജിസ്ട്രേഷൻ ഫീസ്	100 രൂപ	...

സർക്കാർ ആശുപത്രികളിലെ നിരക്ക് അതാത് ആശുപത്രികളിലെ ആശുപത്രി വികസന സമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും.

എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ എ.ആർ.ടി. സെന്ററിൽ ഈടാക്കി വരുന്ന ചാർജ്ജ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിന്റെ പ്രാരംഭ നടപടിയെന്നോണം പി.എം.എസ്.എസ്.വൈ.-യുടെ കീഴിൽ 5 മെഡിക്കൽ കോളേജുകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സെന്ററുകൾ സ്ഥാപിക്കുന്ന നടപടി പ്രാരംഭ ദിശയിലാണ്. എല്ലാ ജില്ലാ ആശുപത്രികളിലും വന്ധ്യതാ ക്ലിനിക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ

54 (746) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയതെന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly